# കാരോട് കുടുംബശ്രീ സി.ഡി.എസ്.

## കൊറോണയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

കേരളത്തിന്റെ തെക്കേ അറ്റത്തെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ നെയ്യാർ തീരവും പൊഴിയൂർ തീരവും അതിർത്തി പങ്കിടുന്ന ഗ്രാമപഞ്ചായത്താണ് കാരോട് ഗ്രാമപഞ്ചായത്ത്. ദാരിദ്രനിർമ്മാർജ്ജനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ എന്ന ആശയം കാരോട് CDS ന്റെ നേതൃത്വത്തിൽ കാര്യക്ഷമമായും മികവുറ്റ പ്രവർത്തനവുമായി കാരോട് ഗ്രാമത്തിന്റെ വികസനത്തിൽ ഭാഗഭാക്കായി കൊണ്ടിരിക്കുന്നു.

കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഇന്നേവരെയുള്ള എല്ലാപദ്ധതികളിലും ആശയങ്ങളിലും കാരോട് കുടുംബശ്രീ വളരെ മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. വർത്തമാന കാലഘട്ടത്തിൽ പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ (കോവിഡ്–19) മഹാമാരിയിൽ ലോകം നടുങ്ങി വിറയ്ക്കുകയാണ്. ഈ സമയത്ത് കുടുംബശ്രീയുടെ മികവുറ്റ പ്രവർത്തനങ്ങളിൽ കാരോട് കുടുംബശ്രീ CDS ഉം തങ്ങളുടെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ വളരെ മികവാർന്ന് പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് സാധിച്ചു.

കൊറോണ മഹാമാരിയുടെ കാലഘട്ടത്തിൽ അയൽക്കൂട്ട അംഗങ്ങളുടെ ജീവിത നിലവാരം ഉയര്ത്തുന്നതിന് വേണ്ടി മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാപദ്ധതി, (CMHLS) കുടുംബശ്രീ മിഷൻ വഴി നൽകുന്ന വായ്പാ അപേക്ഷ തയ്യാറാക്കൽ, അപേക്ഷ വാങ്ങൽ, പൂരിപ്പിക്കൽ ബാങ്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തി. നിരവധി കുടുംബങ്ങൾക്ക് ഈ വായ്പാ പദ്ധതിയുടെ പ്രയോജനം ലഭിച്ചു കൊണ്ടിരിക്കുന്നു.



ഈ കാലഘട്ടത്തിൽ, ലോക്ക്ഡൗൺ സമയത്ത് ഭക്ഷണം ലഭിക്കാത്ത ആളുകളെ കണ്ടെത്തുകയും,അവർക്ക് ആവശ്യമായ ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചാരോട്ടുകോണം കമ്മ്യൂണിറ്റി ഹാളിൽവച്ച് കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയും ഓരോ ദിവസവും മുന്നുറോളം ഭക്ഷണപൊതികൾ ഗ്രീൻ പ്രോട്ടോക്കാൾ പ്രകാരം എല്ലാ വ്യക്തികൾക്കും നൽകുകയും ചെയ്തു. ഭക്ഷണം പാചകം ചെയ്യുക മുതൽ മറ്റ് പ്രവർത്തനങ്ങൾ വരെ കുടുംബശ്രീ CDS അംഗങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്.




കുടുംബശ്രീ നേതൃത്വത്തിൽ കൊറോണ മഹാമാരി എന്ന വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനവും കൗൺസിലിഗും നടത്തി.

ഈ മഹാമാരിയുടെ കാലത്തും, സംരംഭകർക്ക് ആവശ്യമായ പിന്തുണ, സഹായവും പ്രവർത്തിക്കുവാനുള്ള ക്രമീകരണങ്ങളും ചെയ്തു കൊടുത്തു. അവർ ഉല്പാദിപ്പിച്ച ഉൾപ്പന്നങ്ങൾ കുടുംബശ്രീ അയൽക്കൂട്ടം വഴി ഓരോ വീടുകളിലും എത്തിക്കാനുള്ള ക്രമീകരണങ്ങൾ **ADS, CDS** കൾ വഴി നടപ്പിലാക്കി.

ലോക്ക്ഡൗൺ സമയത്ത്, വീട്ടുമുറ്റത്തെ അടുക്കളത്തോട്ടം, കൃഷി വ്യാപിപ്പിക്കൽ എന്ന ലക്ഷ്യത്തോടെ കൃഷിഭവൻ വഴി ലഭ്യമാക്കുന്ന വിത്തുകൾ കുടുംബശ്രീ **ADS** വഴി ഓരോ വീടുകളിൽ എത്തിച്ചു.

കൊറോണ കാലഘട്ടത്തിൽ ആരോഗ്യമേഖലയിൽ ശുചീകരണ പ്രവർത്തനങ്ങളും, ബ്ലീച്ചിംഗ് പൗഡർ തളിക്കലും തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

കുടുംബശ്രീ തയ്യൽയൂണിറ്റ് വഴി മാസ്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും നിരവധി മാസ്ക്കുകൾ തയ്ച്ച് കൊടുക്കുകയും ചെയ്തു.



കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം വഴി CDS ന്റെ നേതൃത്വത്തിൽ ജനകീയ ഹോട്ടൽ ആരംഭിക്കുവാനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാനും സാധിച്ചു. സർക്കാരിന്റെ വിശപ്പുരഹിതകേരളം പദ്ധതിയുടെ ഭാഗമാക്കുവാന് ജനകീയ ഹോട്ടൽ പദ്ധതിയ്ക്ക് കഴിയുകയും ചെയ്തു.




കുടുംബശ്രീയുടെ നേതൃത്വത്തിൽ കർഷകർക്ക് ആവശ്യമായ ഗ്രോബാഗുകൾ എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞു.



കൊറോണ കരുതലോടെ നേരിടാം എന്ന പ്രവർത്തനം ഏറ്റെടുത്തുകൊണ്ട് ആരോഗ്യ പ്രവർത്തകരോടൊപ്പം നിന്നു പ്രവർത്തിക്കുകയും ചെയ്തു.

ആശാ ഷൺമുഖൻ
ബ്ലോക്ക് കോ – ഓഡിനേറ്റർ
ME & Marketting
പാറശ്ശാല ബ്ലോക്ക്